

# എന്റെ ജനാധിപത്യ ചിന്തകൾ

എസ്.കാച്ചപ്പിള്ളി

Ente Janathypathya Chinthakal
(Chinthakal – Malayalam)

*Author:*
S.Kachappilly

**മററു പുസ്തകങ്ങൾ:**
**ഒററമുറിവീട് – കഥകൾ**
**ഒരു ബുദ്ധിജീവിയും കുറെ അനുയായികളും – കഥകൾ**
**ഒരു സെൽഫ് ഫിനാൻസിങ് പഠനത്തിന്റെ കഥ – കഥകൾ**
**കേരളമോഡൽ പ്രതിസന്ധി – ലേഖനങ്ങൾ**
**ദുരന്തങ്ങൾ നൽകുന്ന പാഠം – നുറുങ്ങു ലേഖനങ്ങൾ**
**മൊഴിമുത്തുകൾ – നുറുങ്ങു ചിന്തകൾ**
**സ്വാന്തനം – നുറുങ്ങു ലേഖനങ്ങൾ**

Mobile: 9446459784
e-mail: sebastiankachappilly@gmail.com
web: www.kachappilly.in
Face book: sebastian kachappilly
Youtube: sebastiankachappilly
Blog: skachappilly.blogspot.in

*Published by:*
Samskara, Nayarambalam
Kochi – 682 509.

*Published on:* January, 2022

എന്റെ ജനാധിപത്യ ചിന്തകൾ എന്ന പുസ്തകത്തിലൂടെ എന്റെ ജനാധിപത്യ ചിന്ത തന്നെയാണ് വായനക്കാരുമായി പങ്കുവക്കുന്നത്. അഭിപ്രായവ്യത്യാസങ്ങൾ ഉണ്ടാവുക സ്വാഭാവികം തന്നെയാണ്. പുതിയ നാളെകളെ സ്വപ്നം കാണുന്ന ഏതൊരു ജനാധിപത്യ വാദിക്കും അവന്റെതായ കാഴ്ചപ്പാടുകൾ ഉണ്ടായിരിക്കും. വായനക്കാർക്കും അത്തരം കാഴ്ചപ്പാടുകൾ പങ്കുവക്കുവാനുണ്ടാകും. സമരസപ്പെട്ടുപോകുന്ന അഭിപ്രായങ്ങളിലൂടെയാണ് ജനാധിപത്യത്തിന്റെ മഹനീയത വെളിവാക്കപ്പെടുന്നത്. ജനാധിപത്യത്തെപ്പററിയുള്ള എന്റെ അഭിപ്രായങ്ങളും നമ്മുടെ ജനാധിപത്യ വ്യവസ്ഥയെ ബലപ്പെടുത്താൻ ഉതകുമെങ്കിൽ ഞാൻ കൃതാർത്ഥനായി.



ഗോത്രാധിപത്യ ഭരണം, മതാധിഷ്ഠിത ഭരണം, ഏകാധിപത്യ ഭരണം, രാജഭരണം, ഏകാധിപത്യ പാർട്ടി ഭരണം തുടങ്ങിയ ഭരണങ്ങളെല്ലാം തന്നെ ഏകാധിപത്യ സ്വഭാവമുള്ളതാണ്. അതുകൊണ്ട് തന്നെ അത്തരം ഭരണ രീതികൾ തുടർഭരണങ്ങളായി മാറിയാൽ കര മാത്രമല്ല കടലും പതിച്ചെടുത്താലും സമാധാനപരമായ രീതിയിൽ പ്രതിഷേധിക്കാനൊ ജനാധിപത്യ മൂല്ല്യങ്ങൾ തിരികെ പിടിക്കാനൊ കഴിയണമെന്നില്ല.



ഏതു തരം ഭരണമാണെങ്കിലും ആ രാജ്യത്തെ ജനത യോട് എത്രത്തോളം നീതി പുലർത്തുന്നു എന്നതിനെ ആശ്രയിച്ച് സമാധാനവും സമ്പൽസമൃദ്ധിയും വന്നു ചേരുന്നു. അതുകൊണ്ടുതന്നെ വ്യക്തിത്വങ്ങളെയാണ് മുൻഗണന നൽകി തിരഞ്ഞെടുക്കേണ്ടത്. മെട്രോമാൻ ഏതു പാർട്ടിയിൽ പോയാലും അദ്ദേഹത്തിന്റെ വ്യക്തിത്വം നിലനിർത്തും. നല്ല വ്യക്തിത്വങ്ങളുള്ള നേതാവ് നല്ല വളർച്ചാനിരക്ക് സമ്മാനിക്കുന്നു.



വിവിധ മതവിഭാഗങ്ങൾ വിവിധ വിശ്വാസങ്ങളുമായും വിവിധ ആചാരങ്ങളുമായും ദൈവത്തെ സ്തുതിക്കുന്നു. വേറിട്ട ഇത്തരം വിശ്വാസങ്ങൾക്കിടയിലും ആചാര ങ്ങൾക്കിടയിലും മനുഷ്യന്റെ മനസ്സിന് ശക്തിയും ഓജസ്സും ലഭിക്കട്ടെ. അവിടെ മതങ്ങളുടെ സൗഹൃദം വളരട്ടെ.



രാഷ്ട്രീയ ഭരണ നേതൃത്വത്തിലുള്ള വരേയും സർക്കാർ പൊതുമേഖല സ്ഥാപനങ്ങളിലുള്ളവരേയും കേരളം ഒന്നാംതരം പൗരന്മാരായി കണക്കാക്കുന്നതായി കാണാവുന്നതാണ്. രണ്ടു തരം പൗരന്മാരെ സൃഷ്ടിക്കുക വഴി സർക്കാർ പൊതുമേഖല സ്ഥാപനങ്ങളിൽ എത്തിപ്പെടാൻ കഴിയാത്ത യുവജനങ്ങൾ, അസംതൃപ്തി അനുഭവിക്കുകയും അത് മാനസിക പിരിമുറുക്കത്തിനും അതുവഴി ആത്മഹത്യ പോലുള്ള മേഖലയിലേക്ക് എത്തിച്ചേരുകയും ചെയ്യുന്നു.




**കാര്യക്ഷമതയുടെ അടിസ്ഥാനത്തിൽ പ്രൊമോഷൻ നൽകാത്തതു കാരണം കാര്യക്ഷമതയുള്ളവരുടെ ആത്മവിശ്വാസം നഷ്ടപ്പെടുന്നു. സംസ്ഥാനത്തിന്റെ വികസനാവശ്യങ്ങൾക്ക് വേണ്ടി വരുന്ന റവന്യൂവിന്റെ ദുർവിനിയോഗത്തിന് ഇത് കാരണമാകുന്നു. സംസ്ഥാന ത്തിന്റെ വികസനം കേരള ജനത അർഹിക്കുന്നതിനു പുറമെ സർക്കാർ തൊഴിലിടങ്ങളിലെ കാര്യക്ഷമതയും കേരള ജനത അർഹിക്കുന്നു.**



ഭരണാധികാരികൾക്ക് ഏറാൻ മൂളികളേയും ഭരണത്തെ ന്യായീകരിക്കാനായി ന്യായീകരണ അനുയായികളേയും അനുയായി വൃന്ദങ്ങളേയും സൃഷ്ടിക്കുക സ്വാഭാവീക മാണ്. കേരളത്തിൽ മത്സരിക്കുന്ന എല്ലാ സ്ഥാനാർത്ഥികളും വിദ്യാസമ്പന്നരായിരിക്കാനും പൊതുപ്രവർത്തനത്തിൽ തൽപ്പരരായിരിക്കാനും പുതിയ സ്ഥാനാർത്ഥികളായിരിക്കാനും ധാർമികതയും വ്യക്തി ത്വവുമുള്ളവരായിരിക്കാനും ശ്രദ്ധിക്കേണ്ടിയിരിക്കുന്നു.



നമ്മുടെ സർക്കാർ പൊതുമേഖല സ്ഥാപനങ്ങളിൽ ആധുനിക സാങ്കേതിക ഉപകരണങ്ങൾ നിലവിൽ വരേണ്ടതും ആധുനിക സാങ്കേതിക ഉപകരണങ്ങൾക്കൊത്ത തൊഴിൽ റേഷ്യോ നിലവിൽ വരേണ്ടതും സംസ്ഥാനത്തിന്റെ നൂററാണ്ടിനൊത്ത ആധുനിക വൽക്കരണം നടപ്പാക്കേണ്ടതുമാണ്.



കേരളത്തിലെ പ്രാഥമിക വിദ്യാഭ്യാസ സ്ഥാപനങ്ങൾ ദേശവൽക്കരിക്കുവാനുള്ള ശ്രമങ്ങൾ ഒരു കാലത്ത് നടക്കുകയുണ്ടായി. അത്തരം ശ്രമങ്ങളെ ചെറുത്ത് തോൽപ്പിക്കുവാൻ കഴിഞ്ഞത് കൊണ്ട് മററു സർക്കാർ സ്ഥാപനങ്ങൾക്കു ണ്ടായ അപചയങ്ങളായ കൈക്കൂലി, അഴിമതി, വൃത്തിയില്ലായ്മ, കമ്പ്യൂട്ടർവൽക്കരണത്തോടുള്ള എതിർപ്പ് എന്നിവയിൽ നിന്നും രക്ഷപെടുവാൻ കഴിഞ്ഞു. ഒരു പരിധി വരെ എല്ലാവർക്കും പ്രാഥമിക വിദ്യാഭ്യാസം എന്ന നേട്ടത്തിലെത്തിപ്പെടാനും സാധ്യമായി.



നൂററാണ്ടിനൊത്ത നൂതനവും പുരോഗമനപരവുമായ മുന്നേററത്തിന് സംസ്ഥാനത്തെ സർക്കാർ ഓഫീസുകളുടെ പരിഷ്ക്കാരങ്ങൾ ധൃതഗതിയിൽ സാധ്യമാക്കേണ്ടതാണ്. സർക്കാർ ഓഫീസുകളിൽ പഞ്ചിംഗ് ഏർപ്പെടുത്തുന്നതും അത്തരമൊരു ആധനീകതയുടെ മുഖമുദ്ര തന്നെയാണ്. പഞ്ചിംഗ് മുഖേന സർക്കാർ ജീവനക്കാരന്റെ കൃത്യനിഷ്ഠ ഉറപ്പു വരുത്തുന്നതിൽ കാലതാമസം വരുത്തി സാധാരണ ജനവിഭാഗത്തോട് വെല്ലുവിളിക്കുന്നത് ശരിയായ നികുതി വിനിയോഗത്തിന്റെ ലംഘനമാണ്.




റവന്യൂ വരുമാനത്തിന്റെ 10%ൽ കൂടുതൽ നിത്യനിതാന ചിലവുകൾക്കായി ഉപയോഗിക്കരുതെന്നും കൂടുതൽ മേഖലയിൽ പുതുപുത്തൻ ടെക്നോളജിയും ഔട്ട് സോഴ്സിങ് സമ്പ്രദായവും കൊണ്ടു വരേണ്ടതുണ്ടെന്നും ഒരു ചെറിയ ശതമാനത്തെ ഊട്ടി വളർത്തുവാനായി സർക്കാർ ജീവനക്കാരനെന്നും അല്ലാത്ത ജീവനക്കാരനെ ന്നുമുള്ള രണ്ടു തരം പൗരന്മാരെ വാർത്തെടുക്കുന്ന കാല ഘട്ടം അവസാനിപ്പിക്കേണ്ടിയിരിക്കുന്നുവെന്നും തിരിച്ചറി യേണ്ടിയിരിക്കുന്നു.



ബീഡി തൊഴിലാളികളേയും കയർപിരി തൊഴിലാളികളേയും ഒക്കെ സംഘടിപ്പിച്ചുള്ള സമരം ഒടുവിൽ യു.ജി.സി സ്കെയിൽ ശമ്പളം എന്ന ആശയം നേടിയെടുത്തു. അപ്പോഴും പ്രാഥമീക വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ ആവശ്യം വേണ്ട മൂത്രപ്പുരകൾ പോലുമില്ലായിരുന്നു എന്നതാണ് കഷ്ടമായി പറയുവാനുള്ളത്.



സ്വയം മരണം തിരഞ്ഞെടുക്കുന്ന കുട്ടികളുടെ സംഖ്യ ഈ ആധുനീക സമൂഹത്തിലും ഞെട്ടിക്കുന്നതാണ്. കേരളത്തിലെ മൂന്നു കോടിക്ക് മേൽ വരുന്ന ജനസംഖ്യയിൽ മുന്നൂറ് കുട്ടികൾ ഒരു വർഷം ആത്മഹത്യ ചെയ്യുന്നുണ്ടത്രെ. കേരളത്തിലെ രാഷ്ട്രീയ ഭരണ നേതൃത്വങ്ങൾ കുട്ടികൾക്ക് പതിനെട്ടു വയസാകുമ്പോൾ വോട്ടു ചെയ്യാൻ പ്രാപ്തമാക്കുക എന്നതു മാത്രമാണ് ലക്ഷ്യം വക്കുന്നത്.



പുത്തൻ സാങ്കേതിക വിദ്യ നടപ്പിലാക്കാനും അവയുടെ പുതുപുത്തൻ അറിവുകൾ ഉൾക്കൊള്ളാൻ കഴിവുള്ള വരെ നിയമിച്ചും നിയമനങ്ങളിൽ പങ്കുവയ്പ് അവസാനി പ്പിച്ചും നമുക്ക് മുന്നേറാൻ കഴിയേണ്ടിയിരിക്കുന്നു. കേരള അഡ്മിനിസ്ട്രേററീവ് സർവ്വീസ് നൂററാണ്ടിനൊത്ത വിധം മുന്നേറാൻ സംസ്ഥാനത്തിന് കഴിയാത്തവിധമാണ് നടപ്പിലാക്കിയിരിക്കുന്നത്. ജീവനക്കാരുടെ കാര്യക്ഷമത വർദ്ധിപ്പിക്കുമെന്നൊ ഈ നൂററാണ്ടിന്റെ പ്രതീക്ഷ ക്കൊത്ത് കേരളത്തിനെ വളർത്തിയെടുക്കാൻ കഴിയു മെന്നൊ പ്രതീക്ഷിക്കുക വയ്യ.




മെച്ചപ്പെട്ട സാമൂഹ്യ സാഹചര്യങ്ങളിൽ ജനിച്ചു വളരാത്ത വരും ഭരണപരമായ കാര്യങ്ങൾ വിശകലനം ചെയ്യാൻ കഴിവൊ കാര്യക്ഷമതയൊ ഇല്ലാത്തവരും ഭരണാധികാരി കളായി മാറി. പുത്തൻ സാങ്കേതിക വിദ്യയോട് പുറം തിരിഞ്ഞു നിന്ന കേരളത്തിലെ ഭരണകൂടങ്ങൾക്ക് കേരള പൗരന്മാരുടെ മേൽ കൂടുതൽ കൂടുതൽ നികുതി ചുമത്തിയിട്ടും സർക്കാർ സ്ഥാപനങ്ങളിൽ മികച്ച സേവനം ലഭ്യമാക്കാൻ കഴിഞ്ഞതുമില്ല.




**വിദ്യാഭ്യാസ മേഖലയിൽ പുരോഗമനമെന്നു കരുതി പ്രോത്സാഹിപ്പിക്കുന്ന പല ആശയങ്ങളും സാമൂഹിക പ്രതിസന്ധിക്കും വളർച്ചാ നിരക്കിലുള്ള തകർച്ചക്കും കാരണമാകുന്നു. എ.ഐ.സി.ടി.ഇ.യുടേയും യു.ജി.സി.യുടേയും നിബന്ധനകൾക്ക് പുറമെ കേരള സർക്കാർ നിബന്ധനകൾ കൂടി പാലിക്കപ്പെടേണ്ടി വരുന്നതിനാൽ ഉന്നത സ്ഥാനങ്ങൾ അലങ്കരിക്കാൻ കഴിയുംവിധം ബിരുദധാരികളെ യോഗ്യരാക്കുവാൻ ഇന്നത്തെ നിലയിൽ കഴിയുന്നില്ല.**




സംസ്ക്കാരം തലമുറകളിൽ നിന്നും തലമുറകളിലേക്ക് പകരുന്നു. പകർന്നു നൽകുന്ന അല്ലെങ്കിൽ ലഭിക്കുന്ന ചിന്തകളും പ്രവൃത്തികളും അയാളുടെ വ്യക്തിത്വത്തെ യാണ് ചിട്ടപ്പെടുത്തുന്നത്. വ്യക്തിത്വം രൂപപ്പെടുന്നതാകട്ടെ അയാൾ പോലും അറിയുന്നതിനും പ്രായപൂർത്തിയാകുന്നതിനും വളരെ മുൻപു തന്നെയാണ്.



ഒരോ കോളേജുകളും ഓട്ടോണമസാവുകയും ഒന്നൊ ഒന്നിലധികമൊ സമാന വീക്ഷണമുള്ള മാനേജ്മെൻ്റ് കോളേജുകൾ തങ്ങളുടെ നിലവാരത്തിനും വിദ്യാർത്ഥിക ളുടെ പ്രതീക്ഷക്കുമൊത്ത വിധം ഉയർന്നതും ലോക നില വാരമുള്ളതുമായ യൂണിവേഴ്സിററികളായി മാറുമെന്ന പ്രതീക്ഷകളെ അസ്ഥാനത്താക്കുന്നതായിരുന്നു കേരള ത്തിലെ ടെക്നോളേജിക്കൽ യൂണിവേഴ്സിററിയുടെ വരവ്.




പ്രദേശത്തിന്റെ പിന്നോക്കാവസ്ഥ പരിഗണിച്ച് സൗജന്യ യാത്രാ സൗകര്യങ്ങൾ ഏർപ്പെടുത്താനുള്ള ഉത്തരവാദിത്വം ആധുനിക ജനാധിപത്യ സംവിധാനങ്ങൾക്കുണ്ടാകേണ്ടതുണ്ട് ഇതിനായി കെ.എസ്.ആർ.ടി.സി ഉൾപ്പടെയുള്ള വാഹനങ്ങൾ ഔട്ട് സോർസിങ്ങ് സർവ്വീസിനായി ഉപയോഗപ്പെടുത്തേണ്ട കാലദൈർഘ്യം കഴിഞ്ഞിരിക്കുന്നു. കെ.എസ്.ആർ.ടി.സി ഉൾപ്പടെയുള്ള വാഹനങ്ങൾ ഔട്ട് സോർസിങ്ങ് സർവ്വീസിനായി ഉപയോഗപ്പെടുത്തുമ്പോഴും സൗജന്യ യാത്രകൾ സംസ്ഥാനത്തിന്റെ ഖജനാവിന് ലാഭകരമായി കാണാവുന്നതാണ്.




പ്രാഥമിക വിദ്യാഭ്യാസം നൂറ് ശതമാനം കൈവരിക്കുക എന്നതു പോലെ പ്രധാനമാണ് വിദ്യാർത്ഥികളുടെ മാനസികവും ആരോഗ്യപരവുമായ വളർച്ചയിലും നേട്ടം കൈവരിക്കുക എന്നത്. കേരളത്തെ സംബന്ധിച്ചിടത്തോളം നമ്മുടെ കുട്ടികളുടെ ആത്മഹത്യാ നിരക്ക് അമ്പരപ്പിക്കും വിധം വളർന്നിരിക്കുകയാണ്.



പഞ്ചായത്ത് രാജ് സംവിധാനം വഴി ലഭിക്കുന്ന പ്ലാൻ ഫണ്ടിലെ കോടിക്കണക്കിനുള്ള തുക എങ്ങനെ ശാസ്ത്രീയമായി കൈകാര്യം ചെയ്യണമെന്ന് തീരുമാനമെടുക്കുവാനുള്ള ചുമതല അതാത് പഞ്ചായത്ത് രാജ് അംഗങ്ങളിൽ നിക്ഷിപ്തമായി. സാമൂഹ്യവും വിദ്യാഭ്യാസപരവുമായ വളർച്ച നേടിയ കേരളം സമൂഹത്തിന് മാതൃകയാക്കാൻ സാധ്യമാകും വിധം യോഗ്യരായവരെയാണൊ പഞ്ചായത്ത് രാജ് അംഗങ്ങളായി തിരഞ്ഞെടുക്കപ്പെട്ടത് എന്നത് ചോദ്യച്ചിഹ്നമായി അവശേഷിക്കുന്നു.




കോവിഡ് 19 മഹാമാരി ലോകത്തെ പ്രതിസന്ധിയിലും ഭയപ്പാടിലും ആഴ്ത്തിയിരുന്ന സമയങ്ങളിൽ അടിയന്തരാവസ്ഥയെ ഓർമ്മപ്പെടുത്തുന്ന വിധം സംസ്ഥാനം പോലീസ് സംവിധാനത്തെ ആശ്രയിച്ചതായി കാണാവുന്നതാണ്. സംസ്ഥാനത്ത് പോലീസുകാർക്കിടയിലെ ക്രിമിനലുകളുടെ ശതമാനക്കണക്ക് പരസ്യപ്പെടുത്തിയത് ഏറെക്കുറെ ഭയപ്പെടുത്തും വിധം ഉയർന്നതുമാണ്.



മദ്യവും മദിരാക്ഷിയും പുകവലിയും നിയന്ത്രണ വിധേയമാകുന്നതോടെ ആരോഗ്യകരവും ആഹ്ലാദകരവുമായ ജീവിതത്തിന് ആവശ്യമായ ഉപാധികളോട് രമ്യപ്പെടാനും നമ്മുടെ കുട്ടികൾക്ക് കഴിയുന്നു. നമ്മുടെ കുട്ടികൾക്ക് മദ്യവും അത്തരം ഉൽപ്പന്നങ്ങളും പ്രലോഭന വസ്തുക്കളായി മാറാതിരിക്കേണ്ടത് സമൂഹത്തിന്റെ മെച്ചപ്പെട്ട വളർച്ചക്ക് അത്യന്താപേക്ഷിതമാണ്.



തദ്ദേശ ഭരണ സ്ഥാപനങ്ങളിലെ തിരഞ്ഞെടുക്കപ്പെടുന്ന മേധാവികൾക്ക് അത്രക്കൊന്നും വിപുലമായ ഭരണപരവും ധനപരവും നിയന്ത്രണപരവുമായ അധികാരങ്ങളില്ലാത്ത നാളുകളിൽ നേടിയിട്ടുള്ള നേട്ടങ്ങളിൽ നിന്നും ഈ നൂററാണ്ടിനൊത്ത വിധം മുന്നേറാൻ വിപുലമായ അധികാരങ്ങൾ പഞ്ചായത്ത് രാജ് സംവിധാനത്തിലൂടെ ലഭ്യമായ ഇന്നത്തെ തദ്ദേശ ഭരണ സ്ഥാപനങ്ങളിലൂടേയും അതിലെ മേധാവികളിലൂടേയും നമുക്ക് നേടാൻ കഴിഞ്ഞിട്ടില്ല.



ഈ നൂററാണ്ടിലെ വാഹനങ്ങൾ മനുഷ്യനും പ്രകൃതിക്കും ഇണങ്ങും വിധം സാങ്കേതിയ വിദ്യ മാറിയാലും കാലഘട്ടത്തിനൊത്ത വിധം എഞ്ചിനീയറിംഗ് കോളേജുകളെ നവീകരിക്കാൻ പ്രാപ്തമായ സംവിധാനം സംസ്ഥാനത്ത് നിലവിലില്ല. സമൂഹത്തിനും വ്യവസായ മേഖലക്കും ആവശ്യമായ ഒരു അധ്യയന രീതി നമ്മുടെ സംസ്ഥാനത്തെ എഞ്ചിനീയറിംഗ് കോളേജുകൾക്ക് സാധ്യമാകുന്നു എന്നതാണ് ഓട്ടോണമസ് പദവി ലഭ്യമാകുക വഴി നേട്ടമായി പറയാനുള്ളത്.




യാത്ര സംവിധാനം ആധുനീകവൽക്കരിക്കാനൊ ആ മേഖലയിൽ ഏറെക്കുറെ പൂർണ്ണമായി ഔട്ട് സോഴ്സിങ്ങ് സമ്പ്രദായം നടപ്പിലാക്കാനൊ അതുവഴി കെ.എസ്.ആർ.ടി.സി ഉപഭോക്താക്കൾക്ക് സൗജന്യ യാത്ര എന്ന നൂററാണ്ടിന്റെ ആവശ്യം നേടിയെടുക്കാനൊ ആ മേഖലയിലെ കൈക്കൂലിയും അഴിമതിയും ഇല്ലായ്മ ചെയ്യാനൊ സംസ്ഥാനത്തെ തൊഴിൽ സംസ്ക്കാരം അനുവദിക്കുന്നില്ല.




പ്രചാരത്തിലുള്ള ശാസ്ത്ര സാങ്കേതിക പദങ്ങൾ മലയാളീകരിക്കുക വഴി മലയാളം പഠന മീഡിയമാക്കിയ കേരളീയന്റെ ഉന്നത പഠനവും വിദേശ പഠനവുമെല്ലാം ഭാഷാ സ്നേഹത്തിന്റെ പേരിൽ തടസ്സപ്പെട്ടു. പൊതുവിദ്യാലയങ്ങളിൽ ഇംഗ്ലീഷ് പഠന മീഡിയമാക്കിയ ക്ലാസ്സുകൾ ആരംഭിച്ചതോടെ പൊതു വിദ്യാലയത്തോടുള്ള എതിർപ്പ് കുറഞ്ഞു കുറഞ്ഞു വന്നു.

## The problems and the points to uplift the living standard of the VYPEEN ISLANDERS, my own constituency, in Ernakulam District.



വൈപ്പിൻകരയുടെ ആളോഹരി വരുമാനം വർദ്ധിപ്പിക്കുന്നതിൽ മത്സ്യബന്ധനം നിർണ്ണായക സ്ഥാനം വഹിക്കുന്നു. കടലിൽ നിന്നുള്ള അശാസ്ത്രീയമായ മത്സ്യബന്ധനം കർശനമായി അവസാനിപ്പിച്ച് അഞ്ചു വർഷത്തിനകം വൈപ്പിൻകരയിലെ ആളോഹരി വരുമാനം അഞ്ചിരട്ടിയൊ അതിൽ കൂടുതലൊ ആയി വർദ്ധിപ്പിക്കേണ്ടിയിരിക്കുന്നു. കൂട്ടായ പ്രവർത്തനത്തിലൂടെ വൈപ്പിൻകരയിൽ വികസനത്തിന്റെ പാത തീർക്കുവാൻ കടലിൽ നിന്നുള്ള അശാസ്ത്രീയമായ മത്സ്യബന്ധനം കർശനമായി അവസാനിപ്പിക്കേണ്ടിയിരിക്കുന്നു.



വൈപ്പിൻകരയുടെ കിഴക്കുവശമുള്ള പുഴകളിൽ ഒഴുക്കിനെ തടസപ്പെടുത്തുന്നവയെ നീക്കം ചെയ്യാനും പുഴ കൈയ്യേററം ചെയ്തവ തിരിച്ചു പിടിക്കാനും ആഴംകൂട്ടി പുഴയുടെ ഒഴുക്ക് ശക്തിപ്പെടുത്താനും അവയുടെ ഇരുകരകളേയും ബലപ്പെടുത്താനും അതുവഴി മത്സ്യ സമ്പത്തിന്റെ പ്രജനനം പൂർവ്വസ്ഥിതിയിലാക്കാനും കഴിയേണ്ടിയിരിക്കുന്നു.



വൈപ്പിൻകരയുടെ കിഴക്കും പടിഞ്ഞാറുമുള്ള ആയിരക്കണക്കിനു വീടുകൾ പന്ത്രണ്ടു മാസവും വെള്ളം കയറി കിടക്കുന്ന സ്ഥിതിവിശേഷമാണ് ഇന്ന് നിലനിൽക്കുന്നത്. കൈയ്യേറിയും മൂടിക്കളഞ്ഞതുമായ പുറമ്പോക്കു തോടുകൾ തിരിച്ചു പിടിച്ച് ആഴം വർദ്ധിപ്പിച്ചും ഒഴുക്ക് വർദ്ധിപ്പിച്ചും വെള്ളക്കെട്ടു പരിഹരിച്ച് ലോകത്തിലെ തന്നെ ഏററവും ജനസാന്ദ്രതയേറിയ മേഖലയായ വൈപ്പിൻകരയെ മനോഹാരിതയിലും ആരോഗ്യകരമായ ജീവിതത്തിനും ഏററവും അനുയോജ്യമായ പ്രദേശമായി മാററാൻ കഴിയേണ്ടിയിരിക്കുന്നു .



നാലുവശവും വെള്ളത്താൽ ചുററപ്പെട്ടതിനാലും മററിതര കാരണങ്ങളാലും വൈപ്പിൻകരയുടെ മനോഹാരിത എന്നത് അവിടത്തെ ജനസാന്ദ്രതപോലെ ലോകത്തിൽ വച്ച് ഏറെ മുന്നിലാണ്. കടലും കായലും അതിലൂടെ യുള്ള യാത്രയും ചീനവലയും മത്സ്യപ്രധാനമായ ഭക്ഷണ ത്തിനു വൈപ്പിൻകര പേരു കേട്ടതിനാലും പലവിധ ചരിത്ര പ്രധാനമായ സ്ഥലങ്ങൾ നിലകൊള്ളുന്നിടമായതി നാലും ലോകടൂറിസത്തിന്റെ പട്ടികയിൽ വൈപ്പിൻകരക്ക് ലഭിക്കുന്ന അംഗീകാരത്തിലൂടെ വൈപ്പിൻകരക്കാരുടെ ജീവിത അന്തസുയർത്തുവാൻ കഴിയേണ്ടിയിരിക്കുന്നു.



നാലുവശവും വെള്ളത്താൽ ചുററപ്പെട്ടിട്ടുള്ളതാണ് വൈപ്പിൻകര. എങ്കിലും കുടിവെള്ളത്തിന്റെ അപര്യാപ്ത തയാണ് ഈ ദ്വീപുനിവാസികൾ നേരിടുന്ന ഏററവും പ്രധാന പ്രശ്നം. ഇടതടവില്ലാത്ത കുടിവെള്ള വിതരണ ത്തിനുള്ള സംവിധാനം ഏർപ്പെടുത്താനും വൈപ്പിൻകര ക്കാരുടെ ജീവിതാന്തസ് നൂററാണ്ടിനൊത്തവിധം ഉയർത്തുവാനും ശ്രദ്ധിക്കേണ്ടിയിരിക്കുന്നു. ആവശ്യം മേഖലയിൽ കടൽ വെള്ളമൊ കായൽ വെള്ളമൊ ശുദ്ധി ചെയ്ത് കുടിവെള്ളം ലഭ്യമാക്കുംവിധം സാഹചര്യങ്ങൾ ഒരുക്കേണ്ടിയിരിക്കുന്നു.



ഇരുപത്തിഒന്നാം നൂററാണ്ടിലും റോഡുകളുടെ മെച്ചപ്പെട്ട അവസ്ഥ വാഹനങ്ങളുടെ എണ്ണപ്പെരുപ്പത്തിനൊത്തവിധം വൈപ്പിൻകരക്കാർക്ക് ലഭ്യമല്ലായെന്നും റോഡിന്റെ വീതി യിലുള്ള കുറവു കൊണ്ടും അപകടകരമാംവിധമുള്ള റോഡുകളുടെ കിടപ്പുമെല്ലാം വൈപ്പിൻകരക്കാരുടെ ജീവിതം ദുസഹമാക്കുന്നു. വീതികൂടിയ റോഡും പ്രധാന റോഡിനു സമാന്തരമായ ബൈപ്പാസും വൈപ്പിൻകരയുടെ സ്വപ്ന പദ്ധതിയായി തുടരാൻ തുട ങ്ങിയിട്ട് പതിററാണ്ടുകളാകുന്നു. ഇത് പരിഹരിക്കുകവഴി വൈപ്പിൻകരയിലെ വാഹനങ്ങളുടെ തിരക്കും അപകടകര മായ അവസ്ഥയും പരിഹരിക്കാൻ കഴിയും.



ഒരു കാലത്ത് നമ്മുടെ കടൽത്തീരങ്ങളിൽ കടൽഭിത്തി കെട്ടിയും പുലിമുട്ടുകൾ നിർമ്മിച്ചുമൊക്കെ കടൽ കയ ററത്തെ പ്രതിരോധിക്കുന്നതിനോടൊപ്പം തീരപ്രദേശങ്ങ ളിൽ ആ പ്രദേശങ്ങളോടിണങ്ങിയതും കടൽകയററത്തെ പ്രതിരോധിക്കാനുതകുന്നതുമായ മരങ്ങൾ വച്ചു പിടിപ്പി ച്ചിരുന്നു. കടൽകയററത്തെ പ്രതിരോധിക്കാനുതകുന്നതു മായ മരങ്ങൾ പ്രകൃതി സൗഹാർദ്ദമാണെന്നും കടൽ ക്ഷോഭത്തെ പ്രതിരോധിക്കുന്നതിൽ കടൽഭിത്തിയുടെ നീണ്ടകാലത്തെ ആയുസ് നൽകിയതായും കാണാവുന്ന താണ്. തീരപ്രദേശങ്ങളിൽ കടൽക്ഷോഭത്തെ ചെറുത്ത് തോൽപ്പിക്കുന്ന ഇത്തരം പ്രകൃതി അനുഗ്രഹീത വൃക്ഷ ങ്ങൾ കടൽഭിത്തിക്കു സമാന്തരമായി വച്ചുപിടിപ്പിച്ച്, വൈപ്പിൻകരയുടെ പടിഞ്ഞാറൻ മേഖല, അനുഗ്രഹീത മാക്കി മാററാൻ നമുക്ക് കഴിയേണ്ടിയിരിക്കുന്നു.



യാത്രാക്ലേശവും ധനനഷ്ടവും തുടങ്ങി പലവിധങ്ങളായ ദുരിതങ്ങളാണ് ഗോശ്രീ വഴിക്കുള്ള പൊതുഗതാഗത സംവിധാനത്തെ ആശ്രയിക്കുന്ന വൈപ്പിൻകരയിലെ ജനവിഭാഗങ്ങൾക്കുള്ളത്. വൈററില ഹബ് പോലുള്ള സ്ഥലങ്ങൾ ക്രീയാത്മകമായി പ്രവർത്തിക്കുമ്പോഴും പൊതുഗതാഗതത്തെ ആശ്രയിക്കുന്ന ഗോശ്രീ വഴിക്കുള്ള പതിനായിരക്കണക്കിന് യാത്രക്കാരുടെ അനിവാര്യമായ നഗര പ്രവേശനം വിലക്കി അവരെ ദുരിതത്തിലാക്കിയുള്ള മുന്നോട്ട് പോക്ക് അവസാനിപ്പിക്കേണ്ടിയിരിക്കുന്നു.



കണ്ടെയ്നറും സി.എൻ.ജി ടെർമിനലുമൊക്കെ വൈപ്പിൻകരയെ എറണാകുളവുമായി ബന്ധിപ്പിക്കുന്ന പാലത്തിന്റെ ചരിത്രത്തോടൊപ്പം കൂട്ടിവായിക്കാവുന്ന താണ്. സംസ്ഥാനത്തിന്റെ നൂററാണ്ടിനൊത്ത കുതിപ്പി ലേക്ക് എത്തിപ്പെടാൻ സി.എൻ.ജി ടെർമിനൽ വഴിയൊരു ക്കുമെന്നിരിക്കെ വീടുകളിലേക്ക് ഗ്യാസ് ലഭിക്കുന്നതിൽ വൈപ്പിൻകരയെ പരിഗണിക്കാനും വൈപ്പിൻകരയുടെ ആശങ്ക ഒഴിവാക്കാൻ കൂടുതൽ ജാഗ്രത സർക്കാർ വകു പ്പുകൾക്കും സുരക്ഷാ സംവിധാനങ്ങൾക്കും കഴിയേണ്ടി യിരിക്കുന്നു.



ഏതൊരു ടൂറിസം മേഖലയുടെ വളർച്ചക്കും അവിടെ സ്ഥാപിക്കേണ്ടുന്ന ശൗചാലയങ്ങളുടെയും ബാത്ത് റൂമുകളുടേയും വൃത്തിയും പരിരക്ഷയും പ്രധാന പങ്കു വഹിക്കുന്നതോടൊപ്പം വാഹനങ്ങളുടെ പാർക്കിംഗ് സൗകര്യം വർദ്ധിപ്പിച്ചുമൊക്കെ അപര്യാപ്തതകൾ പരിഹരിക്കേണ്ടതായിട്ടുണ്ട്. വൈപ്പിൻ കരയുടെ കിഴക്കും പടിഞ്ഞാറുമുള്ള ഒട്ടനവധി മനോഹരമായ ബീച്ചുകൾ പ്രധാന റോഡായ വൈപ്പിൻ–മുനമ്പം റോഡിൽ നിന്നും എളുപ്പത്തിൽ എത്തിപ്പെടാനാവുന്ന വിധമുള്ള റോഡുകളാൽ സമ്പുഷ്ടമാണ്. കിഴക്കും പടിഞ്ഞാറും ഉൾപ്പെടുന്ന ബീച്ചുകൾ ശാസ്ത്രീയ വികസനം മുന്നിൽ കണ്ട് വികസിപ്പിച്ചെടുക്കാനും ശാസ്ത്രീയമായ കാഴ്ചപ്പാടിലൂന്നിയ വികസനം സാധ്യമാകുന്നതോടെ ബീച്ച് ടൂറിസത്തിൽ വലിയൊരു മുന്നേററം നടത്താൻ കേരളത്തിലെ പ്രധാന ടൂറിസം മേഖലയായ വൈപ്പിൻകരക്ക് കഴിയുക തന്നെ ചെയ്യും.



സംസ്ഥാനത്തെ വ്യവസായ നഗരമായ എറണാകുള ത്തോട് ഏറെ ചേർന്നു കിടക്കുന്നതിനാലും കണ്ടെയ്നർ തുറമുഖം വൈപ്പിൻകരയോട് ചേർന്നു കിടക്കുന്നതി നാലും വ്യവസായികവും കാർഷികവുമായ ഉൽപ്പന്ന ങ്ങൾ ലോകോത്തര നിലവാരത്തിലേക്ക് ഉയർത്തി കയറ റുമതിക്ക് പര്യാപ്തമാക്കുന്ന വിവധതരം യൂണിററുകൾ വൈപ്പിൻകരയിൽ ആരംഭിക്കുവാനും അതുവഴി ലഭ്യമാ കുന്ന ഉയർന്ന തൊഴിൽ സാഹചര്യത്തിലൂടെ വൈപ്പിൻകരക്കാരുടെ ജീവിതാന്തസുയർത്തുവാൻ കഴിയേണ്ടിയിരിക്കുന്നു

ലോകം ഏറെ മുന്നേറിയെങ്കിലും കേരളത്തിന് അതിന്റെ വിദ്യാഭ്യാസ, ആരോഗ്യമേഖലയിലെ മേന്മ മററിതര മേഖലയിൽ കൈവരിക്കാൻ കഴിഞ്ഞില്ല. ലോകം വളരുന്നതിനൊപ്പം കേരളവും വളരേണ്ടതുണ്ടെന്നും മികച്ച കാൽവയ്പായി വൈപ്പിൻകരയിൽ സൗജന്യമായി വൈ ഫൈ സംവിധാനം ലഭ്യമാക്കാൻ കഴിയേണ്ടതുണ്ട്.



ആധുനീക നൂററാണ്ടിൽ പൗരന്റെ ഭക്ഷ്യസുരക്ഷ ഉറപ്പ് വരുത്തേണ്ടത് ഏതൊരു മേന്മയേറിയ ഭരണകൂടത്തിന്റേയും കടമകളിലൊന്നാണ്. ഭക്ഷണവും വസ്ത്രവും ഭവനവുമൊക്കെ ഏതൊരു പൗരന്റേയും അവകാശങ്ങളിലൊന്നായി കണക്കാക്കുന്നു. അഴിമതി ഇല്ലാതാക്കിയും കാര്യക്ഷമമാർന്ന ഭരണനടപടികൾ സ്വീകരിച്ചും എല്ലായിടങ്ങളിലും എന്നപോലെ വൈപ്പിൻകരയിലും ഭക്ഷ്യസുരക്ഷ നടപ്പിലാക്കാവുന്നതെയുള്ളൂ.



ഉന്നത വിദ്യാഭ്യാസ കേന്ദ്രങ്ങളിൽ പ്രവേശനത്തിന് ആവശ്യമായ പരിശീലനം ലഭ്യമാക്കാനുള്ള മികച്ച പരിശീലന കേന്ദ്രങ്ങൾ ആരംഭിക്കാനും അത്തരം കേന്ദ്ര ങ്ങളെ വൈപ്പിൻകരയിലെ വിദ്യാർത്ഥികൾക്ക് അറിവും അനുഭവവുമുള്ള കേന്ദ്രങ്ങളാക്കി വളർത്തിയെടുക്കാനും കഴിയേണ്ടിയിരിക്കുന്നു



വിദ്യാലയങ്ങളിൽ ആധുനീക സാങ്കേതിക ഉപകരണ ങ്ങളുടെ സഹായത്തിലും, വിദ്യാലയങ്ങളെ വേണ്ടും വിധം തുടർച്ചയായ നിരീക്ഷണ പരിധിയിലുൾപ്പെടു ത്തിയും അവിടങ്ങളിലെ പഠന നിലവാരം കാലഘട്ടത്തി നനുസൃതമായ രീതിയിൽ നവീകരിച്ചും വൈപ്പിൻക രയിലെ വിദ്യാലയങ്ങളെ വളർത്തിയെടുക്കേണ്ടിയിരി ക്കുന്നു. അടിസ്ഥാന വിദ്യാഭ്യാസ സ്ഥാപനങ്ങൾ ആധുനികതയുടെ പര്യായങ്ങളാക്കാനും അടിസ്ഥാന വിദ്യാഭ്യാസം പൂർത്തിയാക്കുന്ന വിദ്യാർത്ഥികളെ സമൂഹ ത്തിനു ഗുണമേന്മയേകുംവിധം വളർത്തിയെടുക്കാനും വേണ്ട നടപടികൾ സ്വീകരിക്കേണ്ടിയിരിക്കുന്നു.



# എന്റെ ജനാധിപത്യചിന്തകൾ

എസ്.കാച്ചപ്പിള്ളി

